REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 28-05-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷാ മൂല്യനിർണ്ണയ പ്രക്രിയയുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളുടെ സാഹചര്യത്തിൽ പുനർമൂല്യനിർണ്ണയം ഉടൻ ആരംഭിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ.**
- **മുഖ്യമന്ത്രി VD സതീശൻ പാണക്കാടെത്തി, മുസ്ലീംലീഗ് സംസ്ഥാന അധ്യക്ഷൻ സാദിഖലി ശിഹാബ് തങ്ങളുമായി കൂടിക്കാഴ്ച നടത്തി.**
- **ED ഉദ്യോഗസ്ഥർക്ക് സുരക്ഷ ഒരുക്കുന്നതിൽ പൊലീസിന്റെ ഭാഗത്തു നിന്ന് വീഴ്ച ഉണ്ടായെങ്കിൽ പരിശോധിക്കുമെന്ന് DGP രവദാ ചന്ദ്രശേഖർ.**
- **ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സ്മരണയിൽ ഇസ്ലാംമത വിശ്വാസികൾ ബലിപെരുന്നാൾ ആഘോഷിക്കുന്നു.**
- **IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ നാളെ രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

## വാർത്തകൾ വിശദമായി

CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷാ മൂല്യനിർണ്ണയ പ്രക്രിയയുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളുടെ സാഹചര്യത്തിൽ പുനർമൂല്യനിർണ്ണയം ഉടൻ ആരംഭിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ന്യൂഡൽഹിയിൽ അറിയിച്ചു. വിദ്യാർത്ഥികളുടെ പരാതികളിലൊന്നും പരിഹരിക്കപ്പെടാതെ പോകുന്നില്ലെന്ന് ഉദ്യോഗസ്ഥർ ഉറപ്പാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

CBSE ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. മൂല്യനിർണയത്തിലുണ്ടായ പൊരുത്തക്കേടുകളുടെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്ത ധർമ്മേന്ദ്ര പ്രധാൻ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന ഉറപ്പും അറിയിച്ചു.

ഓൺ-സ്ക്രീൻ മാർക്കിംഗ് ഒരു ആധുനിക സംവിധാനമാണെന്നും ഇന്ത്യയിലെയും ലോകത്തെയും സർവകലാശാലകളും സ്ഥാപനങ്ങളും ഈ സംവിധാനം ഉപയോഗിക്കുന്നുണ്ടെന്നും ധർമ്മേന്ദ്ര പ്രധാൻ വ്യക്തമാക്കി.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു സിക്കിമിലെ ഗാങ്ടോക്ക് പാൽജർ സ്റ്റേഡിയത്തിൽ സിക്കിം പൊലീസിന് രാഷ്ട്രപതിയുടെ പൊലീസ് കളർ ബഹുമതി സമ്മാനിച്ചു. ഈ ബഹുമതി ലഭിക്കുന്ന രാജ്യത്തെ പതിനഞ്ചാമത്തെയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും മൂന്നാമത്തെയും സംസ്ഥാനമാണ് സിക്കിം. തികഞ്ഞ അർപ്പണബോധവും, അച്ചടക്കവും, മികച്ച പ്രവർത്തനവും കാഴ്ചവെക്കുന്ന സംസ്ഥാന പൊലീസ് സേനകൾക്കാണ് രാഷ്ട്രപതി ഈ ബഹുമതി സമ്മാനിക്കുന്നത്.

✪✪✪

സിക്കിമിനെ പൂർണ്ണ സാക്ഷരതാ സംസ്ഥാനമായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഗാങ്ടോക്കിൽ സിക്കിം സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ സാന്നിദ്ധ്യത്തിലായിരുന്നു പ്രഖ്യാപനം.

✪✪✪

വീർ സവർക്കറുടെ ജന്മവാർഷികദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് സ്മരണാഞ്ജലി അർപ്പിച്ചു. സവർക്കറുടെ ധൈര്യവും ദേശസ്നേഹവും എല്ലായ്പ്പോഴും ജനങ്ങൾക്ക് പ്രചോദനമാണെന്നും മോദി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി മുൻകൈയെടുത്ത് യുനെസ്കോയുടെ ലോക പൈതൃക സ്ഥലമായ സാഞ്ചി സ്തൂപത്തിൽ നിന്നും പുണ്യ അവശിഷ്ടങ്ങൾ മംഗോളിയയിലേക്ക് അയയ്ക്കും. ഭഗവാൻ ശ്രീബുദ്ധന്റെ ശിഷ്യന്മാരായ സരിപുത്രരുടെയും മൗദ്ഗല്യായനയുടെയും അവശിഷ്ടങ്ങളാണ് ഇവ. ഭോപ്പാലിലെ രാജാ ഭോജ് വിമാനത്താവളത്തിൽ നിന്ന് പൂർണ്ണ സംസ്ഥാന ബഹുമതികളോടെ അവ ഡൽഹിയിലേക്ക് കൊണ്ടുപോകും. നാളെ, അവശിഷ്ടങ്ങൾ ന്യൂഡൽഹിയിലെ ദേശീയ മ്യൂസിയത്തിൽ പൊതു

പ്രദർശനത്തിന് വയ്ക്കും. മറ്റന്നാൾ പ്രത്യേക വ്യോമസേന വിമാനത്തിൽ അവ മംഗോളിയയിലേക്ക് കൊണ്ടുപോകും.

✪✪✪

മുഖ്യമന്ത്രി വി.ഡി. സതീശൻ പാണക്കാട്ടെത്തി സാദിഖലി ശിഹാബ് തങ്ങളുമായി കൂടിക്കാഴ്ച നടത്തി. മുഖ്യമന്ത്രിയായി ചുമതലയേറ്റ ശേഷം ആദ്യമായി പാണക്കാട്ടെത്തിയ മുഖ്യമന്ത്രിയെ തങ്ങളും കുടുംബവും ചേർന്ന് സ്വീകരിച്ചു. പെരുന്നാൾ ദിനത്തിൽ നടന്ന സന്ദർശനം ഒരു മണിക്കൂറോളം നീണ്ടു. തങ്ങളുടെ കുടുംബത്തോടൊപ്പം പ്രഭാതഭക്ഷണം കഴിച്ച ശേഷമാണ് മുഖ്യമന്ത്രി മടങ്ങിയത്. പെരുന്നാൾ ദിനത്തിൽ പാണക്കാട് എത്താൻ സാധിച്ചതിലും തങ്ങളുടെ കുടുംബത്തോടൊപ്പം പ്രഭാതഭക്ഷണം കഴിക്കാൻ കഴിഞ്ഞതിലും വലിയ സന്തോഷമുണ്ടെന്ന് സന്ദർശന ശേഷം മുഖ്യമന്ത്രി മാധ്യമങ്ങളോട് പ്രതികരിച്ചു. മുഖ്യമന്ത്രിയെ സ്വീകരിക്കാൻ മന്ത്രിമാരായ PK കുഞ്ഞാലിക്കുട്ടി, N ഷംസുദ്ദീൻ, DCC പ്രസിഡന്റ് VS ജോയ്, നൗഷാദലി MLA, മുനവറലി ശിഹാബ് തങ്ങൾ, അബ്ബാസലി തങ്ങൾ, റഷീദലി തങ്ങൾ, PMA സലാം എന്നിവരും പാണക്കാട്ടെത്തിയിരുന്നു.

ഉച്ചകഴിഞ്ഞ് കോഴിക്കോട്ടെത്തുന്ന മുഖ്യമന്ത്രി ജൂബിലി ഹാളിൽ, MP വീരേന്ദ്രകുമാർ അനുസ്മരണ പരിപാടിയിൽ സംബന്ധിക്കും. ഭട്ട് റോഡ് ബീച്ചിലെ സ്വീകരണ പരിപാടിയിലും അദ്ദേഹം പങ്കെടുക്കും.

✪✪✪

16-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം നാളെ. ജൂൺ ഒന്നു മുതൽ മൂന്നുവരെ ഗവർണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തിൻ മേൽ ചർച്ചയും ഉണ്ടാകും.

✪✪✪

തിരുവനന്തപുരത്ത് ED ഉദ്യോഗസ്ഥർക്ക് സുരക്ഷ ഒരുക്കുന്നതിൽ പൊലീസിന്റെ ഭാഗത്തു നിന്ന് വീഴ്ച ഉണ്ടായെങ്കിൽ പരിശോധിക്കുമെന്ന് സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ പറഞ്ഞു. CPIM പ്രവർത്തകരുടെ ആക്രമണവുമായി ബന്ധപ്പെട്ട് ഇതുവരെ എട്ട് പേർ അറസ്റ്റിലായതായി അദ്ദേഹം അറിയിച്ചു. ED റെയ്ഡിൽ മതിയായ പൊലീസ് വിന്യാസം ഉണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി രമേശ് ചെന്നിത്തലയുമായി തിരുവനന്തപുരത്തെ വസതിയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം സംസാരിക്കുകയായിരുന്നു DGP.

കേസിൽ ഉൾപ്പെട്ട എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്യും. കേന്ദ്ര സേനയുടെ സഹായത്തോട് ED സ്വന്തം നിലയ്ക്കാണ് സുരക്ഷ ഒരുക്കിയതെന്നും DGP വ്യക്തമാക്കി.

ആക്രമണത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം കോർപറേഷൻ മുൻ കൗൺസിലർമാരായ IP ബിനു, ആറ്റുകാൽ ഉണ്ണി എന്നിവർ ഉൾപ്പെടെ മറ്റ് പ്രതികൾ ഒളിവിലാണ്. ഇവരുടെ വീടുകളിലും പൊലീസ് പരിശോധന നടത്തി. നിലവിൽ വധശ്രമം അടക്കം വകുപ്പുകൾ ചുമത്തിയാണ് പൊലീസ് കേസെടുത്തിരിക്കുന്നത്. പൊലീസിനെ ആക്രമിച്ചതിന് പ്രവർത്തകർക്കെതിരെ മറ്റൊരു കേസ് കൂടി രജിസ്റ്റർ ചെയ്യും. അറസ്റ്റിലായ അഞ്ച് പ്രവർത്തകരെ ഇന്ന് റിമാൻഡ് ചെയ്യുമെന്നും DGP വ്യക്തമാക്കി.

✪✪✪

മുഖ്യമന്ത്രി പദം രാജിവെക്കുമെന്ന അഭ്യൂഹങ്ങൾക്കിടെ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ രാവിലെ വസതിയിൽ മന്ത്രിസഭാംഗങ്ങൾക്ക് പ്രഭാതഭക്ഷണ യോഗം നടത്തി. ഉപമുഖ്യമന്ത്രി DK ശിവകുമാർ ഉൾപ്പെടെ മന്ത്രിമാർ പങ്കെടുത്തു. മുഖ്യമന്ത്രി പദം സംബന്ധിച്ച് കോൺഗ്രസ് ഹൈക്കമാൻഡിന്റെ തീരുമാനം അംഗീകരിക്കുമെന്ന് യോഗത്തിൽ പങ്കെടുത്ത മന്ത്രിമാർ അറിയിച്ചു.

✪✪✪

നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ വികസനമാണ് നാവികസേനയിൽ നടക്കുന്നതെന്ന് ദക്ഷിണ നാവികസേന കമാന്റിങ് ഇൻ ചീഫ്, വൈസ് അഡ്മിറൽ സമീർ സക്സേന പറഞ്ഞു.

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം കേഡറ്റുമാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പരിശീലന കാലത്ത് നേടിയെടുത്ത അറിവുകൾ ജീവിതകാലം മുഴുവൻ പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. 311 കേഡറ്റുകളാണ് പാസിങ് ഔട്ട് പരേഡിൽ പങ്കെടുത്തത്. ഇതിൽ 66 വനിതാ കേഡറ്റുകളാണ്.

വിയറ്റ്നാം, സിഷെൽസ്, ടാൻസാനിയ എന്നീ രാജ്യങ്ങളിൽ നിന്ന് ആറു പേരും പരിശീലനം പൂർത്തിയാക്കി പരേഡിൽ പങ്കെടുത്തു. പരിശീലന കാലത്ത് മികച്ച പ്രകടനം കാഴ്ച്ച വെച്ച കേഡറ്റുകൾക്ക് വൈസ് അഡ്മിറൽ അവാർഡുകൾ സമ്മാനിച്ചു.

✪✪✪

UPSC ആദ്യമായി സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷയുടെ ഉത്തര സൂചിക പുറത്തിറക്കി. കഴിഞ്ഞ പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾക്ക് മെയ് 31 ന് വൈകിട്ട് 6 വരെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രാതിനിധ്യങ്ങൾ സമർപ്പിക്കാമെന്ന് കമ്മീഷൻ അറിയിച്ചു. മൂന്ന് ആധികാരിക ഉറവിടങ്ങളിൽ നിന്നും സംക്ഷിപ്ത വിശദീകരണങ്ങളും അനുബന്ധ രേഖകളും സഹിതമാണ് സമർപ്പിക്കേണ്ടത്. ലഭിക്കുന്ന എല്ലാ പ്രാതിനിധ്യങ്ങളും അവലോകനം ചെയ്ത് വിദഗ്ധ സംഘം പരിശോധിച്ച് ഉത്തര സൂചിക അന്തിമമാക്കുമെന്നും കമ്മീഷൻ അറിയിച്ചു.

✪✪✪

ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സ്മരണയിൽ ഇസ്ലാം വിശ്വാസികൾ ബലിപെരുന്നാൾ ആഘോഷിക്കുന്നു. പ്രവാചകൻ ഇബ്രാഹിം നബി, ആദ്യ പുത്രൻ ഇസ്മായിലിനെ ദൈവകൽപന മാനിച്ച് ബലി അർപ്പിക്കാൻ സന്നദ്ധനായതിന്റെ  ഓർമ്മ പുതുക്കലാണ് ബലി പെരുന്നാൾ. രാവിലെ പുതുവസ്ത്രങ്ങളണിഞ്ഞ് പള്ളികളിലും ഈദ് ഗാഹുകളിലും വിശ്വാസികൾ ഒത്തുകൂടി പെരുനാൾ നമസ്കാരം നടത്തി. കോഴിക്കോട് പാളയം മുഹിയുദ്ദീൻ പള്ളിയിലെ  പെരുന്നാൾ  നമസ്ക്കാരത്തിന്  മുഖ്യ ഇമാം, ഡോ. ഹുസൈൻ മടവൂർ നേതൃത്വം നൽകി. തിരുവനന്തപുരത്ത് പാളയം ഇമാം ഡോ. VP സുഹൈബ് മൗലവി ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ലക്ഷദ്വീപിലെ കവരത്തി ജുമാ മസ്ജിദിൽ പെരുന്നാൾ നമസ്ക്കാരത്തിന് ഖത്തീബ് ആഷിഖ് ഫൈസി നേതൃത്വം നൽകി. കവരത്തി മർക്കസ്സ് പള്ളിയിൽ മുഹമ്മദ് റാഫി നൂറാനി  പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31-ന്. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ, നമോ ആപ്പിലോ, My gov ഓപ്പൺ ഫോറത്തിലോ വഴി നാളെ വരെ സമർപ്പിക്കാം.

✪✪✪

സൗദി ബാലന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ റിയാദിൽ ജയിലായിരുന്ന കോഴിക്കോട് സ്വദേശി അബ്ദുൽ റഹീം നാട്ടിലെത്തി. റിയാദിൽ നിന്നും എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിലാണ് അദ്ദേഹം രാവിലെ നാട്ടിലെത്തിയത്. ഇരുപത് വർഷത്തെ ജയിൽ വാസത്തിന് ശേഷമാണ് റഹീം  കോഴിക്കോട്ട് ഫറോക്കിലെ ജന്മനാട്ടിൽ എത്തിയത്. നാട്ടുകാര്യം ബന്ധുക്കളും അദ്ദേഹത്തെ സ്വീകരിച്ചു.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിന് നെയ്യാട്ടത്തോടെ ഇന്ന് തുടക്കമാവും. ജില്ലയിലെ വിവിധ ഇടങ്ങളിലെ 80 ഓളം മഠങ്ങളിൽ നിന്നും 2,000-ത്തോളം നെയ്യ്മൃത് സംഘാംങ്ങൾ കൊട്ടിയൂരിലെത്തും. 11 മാസക്കാലം സ്വയംഭൂവിനെ മൂടിയ അഷ്ടബന്ധം നീക്കുന്ന, നാളം തുറക്കൽ ചടങ്ങിന് ശേഷമാണ് നെയ്യാട്ടം ആരംഭിക്കുക. മാനന്തവാടി മുതിരേരിക്കാവിൽ നിന്ന് മുതിരേരി വാളും എഴുന്നള്ളിച്ചു കൊണ്ടുവരും. നാളെയാണ് ഭണ്ഡാരം എഴുന്നള്ളത്ത്. അടുത്തമാസം 24 വരെയാണ് വൈശാഖോത്സവം.

✪✪✪

IPL ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ നാളെ രാജസ്ഥാൻ റോയൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ന്യൂചണ്ഡീഗഡിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം. ഇന്നലെ ആദ്യ എലിമിനേറ്റർ മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെ 47 റൺസിന് തോൽപ്പിച്ചിരുന്നു.

ഞായറാഴ്ച അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിലാണ് ഫൈനൽ.

✪✪✪

നോർവേ ചെസ്സിൽ, ലോക ഒന്നാം നമ്പർ താരം മാഗ്നസ് കാൾസണെ പരാജയപ്പെടുത്തി R പ്രഗ്നാനന്ദ ടൂർണമെന്റിന്റെ മൂന്നാം റൗണ്ടിൽ മൂന്ന് പോയിന്റുകൾ നേടി. ലോക ചാമ്പ്യൻ D ഗുകേഷ് അവസാന മത്സരത്തിൽ അലിറേസ ഫിറോസ്ജയോട് പരാജയപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ച വരെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തീരപ്രദേശങ്ങളിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് ഏഴ് ജില്ലകളിൽ കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഇടുക്കി മുതൽ തിരുവനന്തപുരം വരെ തെക്കൻ ജില്ലകളിലാണ് ജാഗ്രതാ നിർദ്ദേശം.

✪✪✪

കനത്ത മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ അരുവിക്കര ഡാമിന്റെ രണ്ട് ഷട്ടറുകൾ 20 സെന്റീമീറ്റർ വീതം ഉയർത്തി. കഴിഞ്ഞ ദിവസം ഉയർത്തിയ 10 സെന്റി മീറ്റർ ഉൾപ്പടെ നിലവിൽ 50 സെന്റീമീറ്ററാണ് ഉയർത്തിയത്.

ഡാമിന്റെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

പട്നയിലെ ഉമാനാഥ് ഗംഗാഘട്ടിൽ രാവിലെയുണ്ടായ ബോട്ട് അപകടത്തിൽ മൂന്ന് പേർ മരിച്ചു. നാല് പേരെ കാണാതായി. ഏഴ് പേരെ രക്ഷപ്പെടുത്തി. ശക്തമായ കാറ്റിനെ തുടർന്നാണ് ബോട്ട് അപകടത്തിൽപ്പെട്ടതെന്നാണ് വിവരം.

പച്ചക്കറികൾ വിളവെടുക്കാൻ ദിയാര മേഖലയിലേക്ക് പോയവരാണ് അപകടത്തിൽപ്പെട്ടത്.

✪✪✪

പൊന്നാന്നി ചമ്രവട്ടം ജങ്ഷനിലെ മേൽപ്പാലത്തിൽ രൂപപ്പെട്ട വിള്ളലിൽ ആശങ്കപ്പെടേണ്ടതില്ലെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചു. സ്ലാബുകൾക്കിടയിലെ വിടവ്, ടാറിങ് സമയത്ത് അടച്ചതാണെന്നും, വിള്ളൽ സുരക്ഷയെ ബാധിക്കില്ലെന്നും അധികൃതർ വ്യക്തമാക്കി.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*News team : അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്,*
*DEO : സി കെ സുബോധ്*